## പ്രധാനവാർത്ത

1.) രാജ്യത്തിന്റെ പരമാധികാരം, അഖണ്ഡത എന്നിവ കാത്തുസൂക്ഷിക്കുന്നതിന് പ്രതിജ്ഞാബദ്ധമാണെന്നും പാക് പ്രകോപനങ്ങൾക്ക് ഉചിതമായ മറുപടി നൽകുമെന്നും ആവർത്തിച്ച് ഇന്ത്യൻ സൈന്യം.

2.) ജമ്മു കശ്മീരിലെ സാംബയിൽ നുഴഞ്ഞുകയറ്റശ്രമം തകർത്ത് അതിർത്തി സുരക്ഷാ സേന ; ഏഴ് ഭീകരരെ വധിച്ചു ; ജമ്മു, ഉധംപൂർ എന്നിവിടങ്ങളിൽ നിന്ന് ഡൽഹിയിലേക്ക് പ്രത്യേക സർവീസ് നടത്തുമെന്ന് റെയിൽവേ.

3.) ഇന്ത്യ - പാക് സംഘർഷ സാഹചര്യത്തിൽ കേരളം കൈകൊള്ളേണ്ട കാര്യങ്ങൾ ഇന്നത്തെ മന്ത്രിസഭാ യോഗം തീരുമാനിക്കുമെന്ന് മുഖ്യമന്ത്രി ; സംഘർഷമേഖലയിൽ അകപ്പെട്ടുപോയവരെ സഹായിക്കാൻ സെക്രട്ടേറിയറ്റിലെ കൺട്രോൾ റൂം തുറന്നു.

RNU TVPM

4.) സംസ്ഥാനത്തെ എസ് എസ് എൽ സി ഫലപ്രഖ്യാപനം ഇന്ന് വൈകിട്ട്.

5.) മലപ്പുറത്ത് നിപ സ്ഥിരീകരിച്ച സാഹചര്യത്തിൽ ജാഗ്രത ശക്തമാക്കി ആരോഗ്യവകുപ്പ്.

*******************************

## ഓപ്പറേഷൻ സിന്ദൂർ

രാജ്യത്തിന്റെ പരമാധികാരം, അഖണ്ഡത എന്നിവ കാത്തുസൂക്ഷിക്കുന്നതിന് പ്രതിജ്ഞാബദ്ധമാണെന്നും പാക് പ്രകോപനങ്ങൾക്ക് ഉചിതമായ മറുപടി നൽകുമെന്നും ആവർത്തിച്ച് ഇന്ത്യൻ സൈന്യം. ഭീകരതയ്ക്കെതിരെ വിട്ടുവീഴ്ചയില്ല എന്ന നിലപാടുമായി ഓപ്പറേഷൻ സിന്ദൂറിലൂടെ പാക് പ്രകോപനങ്ങൾക്ക് ശക്തമായ തിരിച്ചടി നൽകുന്നത് തുടരുകയാണ്. രാജ്യത്തിന്റെ വടക്ക്, പടിഞ്ഞാറൻ നഗരങ്ങൾ ലക്ഷ്യം വെച്ചായിരുന്നു പാകിസ്ഥാന്റെ ഡ്രോൺ, മിസൈൽ ആക്രമണ ശ്രമം. ജമ്മു കശ്മീരിലെ നിയന്ത്രണ രേഖയ്ക്ക് സമീപം പാകിസ്ഥാൻ നടത്തിയ വെടിനിർത്തൽ കരാർ ലംഘനത്തിനും ഉചിതമായ മറുപടി നൽകിയാതായി കരസേന അറിയിച്ചു. ആളപായമില്ലെന്നും സൈന്യം വ്യക്തമാക്കി.

*******************************

## ബിഎസ്എഫ്

ജമ്മു കശ്മീരിലെ സാംബ ജില്ലയിലെ അന്താരാഷ്ട്ര അതിർത്തിയിൽ ഇന്നലെയുണ്ടായ നുഴഞ്ഞുകയറ്റ ശ്രമം അതിർത്തി സുരക്ഷാ സേന പരാജയപ്പെടുത്തി. ഏഴ് ഭീകരരെ വധിച്ചു. നുഴഞ്ഞുകയറ്റ ശ്രമം നിരീക്ഷണ ഗ്രിഡിന്റെ ശ്രദ്ധയിൽപ്പെട്ടതായും ബിഎസ്എഫ് അറിയിച്ചു.

***********************************

## പ്രതിരോധ മന്ത്രാലയം

പഠാൻകോട്ട്, രജൗരി എന്നിവിടങ്ങളിൽ ചാവേർ ആക്രമണം ഉണ്ടായതായുള്ള റിപ്പോർട്ടുകൾ പ്രതിരോധ മന്ത്രാലയം തള്ളി. ജമ്മു കശ്മീരിലെ സത്വാരി, സാംബ, ആർ എസ് പുര, അർണിയ എന്നിവിടങ്ങളിലേക്ക് പാകിസ്ഥാൻ വിക്ഷേപിച്ച എട്ട് മിസൈലുകളും വ്യോമ പ്രതിരോധ സംവിധാനത്തിലൂടെ നിർവീര്യമാക്കിയതായി ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. സ്ഥിതിഗതികൾ വിലയിരുത്താൻ മുഖ്യമന്ത്രി ഒമർ അബ്ദുള്ള ജമ്മുവിലെത്തി. അതെസമയം, രാജ്യത്തുടനീളം ആവശ്യത്തിന് ഇന്ധനം ലഭ്യമാണെന്നും ജനങ്ങൾ അനാവശ്യ തിരക്ക് ഒഴിവാക്കണമെന്നും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ അറിയിച്ചു.

***********************************

RNU TVM

## കേന്ദ്ര നിർദ്ദേശം

ഓപ്പറേഷൻ സിന്ദൂറിന്റെ ഭാഗമായുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെയും സുരക്ഷാ സേനയുടെ നീക്കങ്ങളുടെയും തത്സമയ റിപ്പോർട്ടിംഗിൽ നിന്ന് എല്ലാ മാധ്യമങ്ങളും, ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും, വ്യക്തികളും വിട്ടുനിൽക്കണമെന്ന് പ്രതിരോധ മന്ത്രാലയം നിർദ്ദേശം നൽകി.

********************************

## റെയിൽവെ

നിലവിലെ സാഹചര്യത്തിൽ ജമ്മുവിൽ നിന്നും ഉധംപൂരിൽ നിന്നും ഡൽഹിയിലേക്ക് പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തുമെന്ന് ഇന്ത്യൻ റെയിൽവേ. ട്രെയിൻ നമ്പർ 04612 രാവിലെ 10.45 ന് ജമ്മുവിൽ നിന്ന് സർവീസ് ആരംഭിക്കും. 20 കോച്ചുള്ള വന്ദേ ഭാരത് ഉച്ചയ്ക്ക് 12.45 ന് ഉദംപൂരിൽ നിന്ന് ജമ്മു, പത്താൻകോട്ട് വഴി സർവീസ് നടത്തും. ജമ്മുവിൽ നിന്ന് വൈകുന്നേരം 7 മണിക്ക് മറ്റൊരു സ്പെഷ്യൽ ട്രെയിൻ സർവീസും ഉണ്ടാകും.

PNU TVPM

********************************

## സൈറൺ മുഴങ്ങി

ചണ്ഡിഗഢിലെ വ്യോമത്താവളത്തിൽ നിന്നും അപകട സൈറൺ മുഴങ്ങി. ജനങ്ങളോട് വീടുകൾക്കുള്ളിൽ തന്നെ കഴിയാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**********************************

## ബിഹാർ - ജാഗ്രത

ഓപ്പറേഷൻ സിന്ദൂറിന്റെ ഭാഗമായി ഇന്തോ - നേപ്പാൾ അതിർത്തിയിലും ബിഹാറിലെ സീമാഞ്ചൽ ജില്ലയിലും സുരക്ഷ ശക്തമാക്കി. എസ് എസ് ബി, പോലീസ് എന്നിവയുടെ പട്രോളിംഗ് ശക്തമാക്കി. സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരുടേയും പോലീസിന്റെയും അവധി റദ്ദാക്കിയിട്ടുണ്ട്. മുഖ്യമന്ത്രി നിതീഷ് കുമാർ ഇന്നലെ ഉന്നതതല യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. ജില്ല മജിസ്ട്രേറ്റുമാരോട് ജാഗ്രത പുലർത്തണമെന്നും നിർദേശം നൽകിയിട്ടുണ്ട്.

RNUTVPM

**********************************

## രാജസ്ഥാൻ - പ്രതിരോധം

ഇന്ത്യ-പാക് അതിർത്തിയിൽ സംഘർഷം നിലനിൽക്കുന്ന സാഹചര്യത്തിൽ രാജസ്ഥാനിലും ജാഗ്രത ശക്തമാക്കി. ഇന്നലെ രാത്രി 9 മണി മുതൽ പുലർച്ചെ നാല് മണി വരെ ഏർപ്പെടുത്തിയ ബ്ലാക്ക്ഔട്ട് വരും ദിവസങ്ങളിലും തുടരും.

ജനങ്ങൾ വീടുകളിൽ തന്നെ കഴിയണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

********************************

## പി ഐ ബി - ഫാക്ട് ചെക്

പാകിസ്ഥാനിലെയും പാക് അധിനിവേശ കശ്മീരിലെയും ഭീകര കേന്ദ്രങ്ങൾക്കെതിരെ ഇന്ത്യ നടത്തിയ പ്രത്യാക്രമണത്തെ ത്തുടർന്ന് പാകിസ്ഥാൻ വ്യാജവിവരങ്ങൾ പ്രചരിപ്പിക്കുന്നത് തുടരുകയാണെന്ന് കേന്ദ്രസർക്കാർ. പാകിസ്ഥാൻ അനുകൂല സോഷ്യൽ മീഡിയ അക്കൗണ്ടുകൾ വഴി പ്രചരിപ്പിക്കുന്ന വ്യാജ വാർത്തകൾക്കെതിരെ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് കേന്ദ്രം നിർദേശം നൽകി. ഇന്ത്യയിലെ ജമ്മു വ്യോമസേനാ താവളത്തിൽ ഒന്നിലധികം സ്ഫോടനങ്ങൾ നടന്നുവെന്നതരത്തിൽ പ്രചരിക്കുന്ന ചിത്രം തെറ്റാണെന്ന് പിഐബി ഫാക്ട്ചെക്ക് അറിയിച്ചു. ഗുജാറത്തിലെ ഹസീറ തുറമുഖം ആക്രമിക്കപ്പെട്ടെന്ന തരത്തിൽ പ്രചരിക്കുന്ന വീഡിയോയും വ്യാജമാണെന്ന് സ്ഥിരികരിച്ചിട്ടുണ്ട്. രാജ്യത്ത് മൂന്ന് ദിവസത്തേയ്ക്ക് എ ടി എമ്മുകൾ അടച്ചിടും എന്ന തരത്തിൽ പ്രചരിക്കുന്ന വാട്സ്ആപ്പ് മേസേജുകൾ വസ്തുതാവിരുദ്ധമാണെന്നും അധികൃതർ വ്യക്തമാക്കി. ഇന്ത്യയ്ക്കെതിരായ പാകിസ്ഥാൻ ആക്രമണമാണെന്ന് പ്രചരിക്കുന്ന ദൃശ്യങ്ങൾ വീഡിയോ ഗെയിമിൽ

RNUTVPM

നിന്നുള്ളതാണ് പി ഐ ബി ഫാക്ട് ചെക്ക് അറിയിച്ചു.

*********************************

## ഡൽഹി വിമാനത്താവളം

ഡൽഹി വിമാനത്താവളത്തിലെ പ്രവർത്തനങ്ങൾ സാധാരണ നിലയിലാണ്. നിലവിലെ സാഹചര്യങ്ങൾ കണക്കിലെടുത്ത് വിമാനങ്ങളുടെ സമയക്രമത്തിൽ മാറ്റം വരുത്താനും റദ്ദാക്കാനും സാധ്യതയുണ്ട്. വിവരങ്ങൾക്കായി ഔദ്യോഗിക വൃത്തങ്ങളെ ആശ്രയിക്കണമെന്ന് അധികൃതർ അഭ്യർത്ഥിച്ചു. തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളുടെ പ്രവർത്തനങ്ങൾ സാധാരണ നിലയിലാണെന്ന് അധികൃതർ അറിയിച്ചു.

RNU TVPM

*********************************

## ജെ ഡി വാൻസ്

ഇന്ത്യ-പാകിസ്ഥാൻ സംഘർഷങ്ങൾ ലഘൂകരിക്കണമെന്ന് അമേരിക്കൻ വൈസ് പ്രസിഡന്റ് ജെ ഡി വാൻസ്. നയതന്ത്ര തലത്തിൽ പ്രശ്നപരിഹാരത്തിനാണ് അമേരിക്ക താത്പര്യപ്പെടുന്നതെന്നും സ്വകാര്യ ചാനലിന് നൽകിയ അഭിമുഖത്തിൽ വാൻസ് വ്യക്തമാക്കി. യുദ്ധം വ്യാപിക്കില്ലെന്ന്

പ്രത്യാശിക്കുന്നതായും അമേരിക്കൻ വൈസ് പ്രസിഡന്റ് വ്യക്തമാക്കി.

**********************************

## ശ്രീലങ്കൻ കാബിനറ്റ് വക്താവ്

ശ്രീലങ്കയുടെ വ്യോമമേഖലയോ പ്രദേശമോ ഉപയോഗിച്ച് മറ്റൊരു രാജ്യത്തെ ആക്രമിക്കാൻ സർക്കാർ ആരെയും അനുവദിക്കില്ലെന്ന് ശ്രീലങ്കൻ കാബിനറ്റ് വക്താവ് നളിന്ദ ജയതിസ്സ. ഇന്ത്യ- പാകിസ്ഥാൻ സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ ഇന്നലെ നടന്ന മന്ത്രിസഭാ യോഗത്തിൽ നിലപാട് വ്യക്തമാക്കുകയായിരുന്നു അദ്ദേഹം. ശ്രീലങ്ക എല്ലാത്തരം ഭീകരതയെയും എപ്പോഴും നിരാകരിക്കുകയും പ്രാദേശിക സമാധാനത്തിനായി നിലകൊള്ളുകയും ചെയ്യുമെന്ന് അദ്ദേഹം പറഞ്ഞു.

**********************************

## പാക് - ലോൺ

കനത്ത തിരിച്ചടികൾക്കിടയിൽ അന്താരാഷ്ട്ര പങ്കാളികളോട് കൂടുതൽ വായ്പ സഹായം അഭ്യർത്ഥിച്ച് പാകിസ്ഥാൻ. സംഘർഷം കനക്കുന്നതിനൊപ്പം ഓഹരി വിപണിയിലുണ്ടായ ഇടിവിനെയും തുടർന്നാണ് പാക് നടപടി. പ്രതിസന്ധി ലഘൂകരിക്കാൻ

RNUTVPM

പങ്കാളികളോട് അഭ്യർത്ഥിച്ചതായി പാകിസ്ഥാൻ സർക്കാരിന്റെ സാമ്പത്തിക കാര്യ വിഭാഗം സമൂഹ മാധ്യമത്തിൽ കുറിച്ചു.

*********************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും....

(ബ്രേക്ക്)

*********************************

## മുഖ്യമന്ത്രി - കണ്ണൂർ

ഇന്ത്യ - പാക്കിസ്ഥാൻ സംഘർഷം നിലനിൽക്കുന്ന സാഹചര്യത്തിൽ കേരളം കൈകൊള്ളേണ്ട കാര്യങ്ങൾ ഇന്ന് ഉച്ചയ്ക്ക് ചേരുന്ന സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വിഷയത്തിൽ രാജ്യം സ്വീകരിക്കുന്ന എല്ലാ തീരുമാനങ്ങൾക്കൊപ്പം നാമെല്ലാവരും നിൽക്കണമെന്നത് പ്രധാനമാണെന്നും അദ്ദേഹം പറഞ്ഞു. സർക്കാരിന്റെ 4-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി കണ്ണൂരിൽ സംഘടിപ്പിച്ച മുഖാമുഖം പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

*********************************

## കൺട്രോൾ റൂം

RNUTVPM

ജമ്മു ഉൾപ്പടെയുള്ള അതിർത്തി മേഖലകളിൽ ആക്രമണം തുടരുന്ന സാഹചര്യത്തിൽ കേരളത്തിൽ കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചു. സംഘർഷമേഖലയിൽ അകപ്പെട്ടുപോയ കേരളീയർക്ക് സഹായത്തിനായി സെക്രട്ടേറിയറ്റിലെ കൺട്രോൾ റൂമുമായി ബന്ധപ്പെടാം. ഫാക്സ്, ടെലിഫോൺ, ഇ-മെയിൽ എന്നിവയിലൂടെ വിവരങ്ങൾ അറിയിക്കാം. ഫോൺ നമ്പർ. 0471- 251 7500 മറ്റൊരു നമ്പർ 251 7600, ഇമെയിൽ ഐഡി: cdmdkerala@kerala.gov.in, ഫാക്സ് നമ്പർ. 0471 - 232 2600. ആഭ്യന്തര വകുപ്പ് സെക്രട്ടറിക്കാണ് കൺട്രോൾ റൂമിന്റെ ഏകോപന ചുമതല. നോർക്കയുടെ ടോൾ ഫ്രീ നമ്പറായ -18 00 42 53 939 ലും അറിയിക്കാവുന്നതാണ്.

******************************************

## നിപ- .. (ഇൻട്രോ)

മലപ്പുറത്ത് നിപ സ്ഥിരീകരിച്ച സാഹചര്യത്തിൽ ജാഗ്രത ശക്തമാക്കി ആരോഗ്യവകുപ്പ്. വളാഞ്ചേരി മുൻസിപ്പാലിറ്റിയിലെ നാല് വാർഡുകൾക്ക് പുറമെ മാറാക്കര, എടയൂർ, ആതവനാട് ഗ്രാമപഞ്ചായത്തിലെ ചില വാർഡുകളും കണ്ടെൻമെൻറ് സോണുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. **വിശദാംശങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു.........**

RNU TVPM

(വോയിസ്)

*********************************

## നിപ-പരിപാടി മാറ്റി

നിപ സ്ഥിരീകരിച്ച പശ്ചാത്തലത്തിൽ തിങ്കളാഴ്ച മലപ്പുറം റോസ് ലോഞ്ച് ഓഡിറ്റോറിയത്തിൽ നടത്താനിരുന്ന മുഖ്യമന്ത്രിയുടെ ജില്ലാതല പരിപാടി മാറ്റി വച്ചു. ജില്ലയിൽ നാളെ നടത്താനിരുന്ന കായിക വകുപ്പിൻ്റെ ലഹരി വിരുദ്ധ സന്ദേശ യാത്രയും മാറ്റിയിട്ടുണ്ട്.

*********************************

## എസ്എസ്എൽസി .. ഇൻട്രോ

സംസ്ഥാനത്തെ എസ് എസ് എൽ സി ഫലപ്രഖ്യാപനം ഇന്ന്. വൈകുന്നേരം 3 മണിക്ക് മന്ത്രി വി ശിവൻകുട്ടി തിരുവനന്തപുരം പി ആർ ഡി ചേമ്പറിൽ ഫലപ്രഖ്യാപനം നടത്തും.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്...........**

**(വോയ്സ്)**

*********************************

## ഹജ്ജ്

BIJU TVPM

ഈ വർഷത്തെ ഹജ്ജ് ക്യാമ്പിന്റെ സംസ്ഥാന തല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് വൈകുന്നേരം കണ്ണൂരിൽ നിർവഹിക്കും. കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് 4,929 പേരാണ് ഇത്തവണ ഹജ്ജ് യാത്ര നടത്തുക. ജിദ്ദയിലേക്ക് എയർ ഇന്ത്യ എക്സ്പ്രസിന്റെ 28 സർവ്വീസുകളാണ് ക്രമീകരിച്ചിരിക്കുന്നത്. 171 ഹജ്ജ് യാത്രികരുമായി ആദ്യ വിമാനം ഞായറാഴ്ച പുലർച്ചെ നാല് മണിക്ക് പുറപ്പെടും. കണ്ണൂർ വിമാനത്താവളത്തിനടുത്ത് ആരംഭിക്കുന്ന ഹജ്ജ് ഹൗസിന്റെ ശിലാസ്ഥാപന കർമ്മവും മുഖ്യമന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്യും.

*****************************************

## പോപ്പ്

വലിയ ഇടയനെ തിരഞ്ഞെടുത്ത് കത്തോലിക്കാ സഭ. അമേരിക്കയിൽ നിന്നുള്ള കർദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് പുതിയ പോപ്പായി തിരഞ്ഞെടുക്കപ്പെട്ടു. പോപ്പ് ലിയോ പതിനാലാമൻ എന്ന പോന്തിഫിക്കൽ പേര് അദ്ദേഹം സ്വീകരിച്ചു. യു എസിൽ നിന്നുള്ള ആദ്യ മാർപ്പാപ്പയാണ് പോപ്പ് ലിയോ പതിനാലാമൻ. ഷിക്കാഗോയിൽ ജനിച്ച 69 കാരനായ പ്രെവോസ്റ്റ്, അഗസ്തീനിയൻ സഭയിലെ അംഗമാണ്. മാർപ്പാപ്പയായി തിരഞ്ഞെടുക്കപ്പെട്ട ശേഷം വത്തിക്കാനിൽ വിശ്വാസി സമൂഹത്തെ

RNU TVPM

അഭിസംബോധന ചെയ്ത അദ്ദേഹം സമാധാന സന്ദേശം നൽകി. സിസ്റ്റൈൻ ചാപ്പലിൽ നടന്ന 133 കർദ്ദിനാൾമാരുടെ കോൺക്ലേവാണ് ലിയോ പതിനാലാമനെ കത്തോലിക്കാ സഭയുടെ തലവനായി തിരഞ്ഞെടുത്തത്.

*********************************

## ഓഹരി, സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് **844** പോയിന്റ് നഷ്ടത്തിൽ **79,490** ലും , ദേശീയ ഓഹരി സൂചിക നിഫ്റ്റി **259** പോയിന്റ് താഴ്ന്ന് **24,014** ലും വ്യാപാരം തുടരുന്നു.സ്വർണ വില ഉയർന്നു. സ്വർണം ഗ്രാമിന് 30 രൂപ വർധിച്ചു **9,015** രൂപയും, പവന് **240** രൂപ ഉയർന്നു **72,120** രൂപയുമാണ് ഇന്നത്തെ വില.

RNUTVPM

*********************************

## ആർ.ബി.ഐ

വിദേശ നിക്ഷേപകർക്കുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. എഫ്.പി.ഐകൾ ഇനി ഹ്രസ്വകാല നിക്ഷേപ പരിധികൾ പാലിക്കേണ്ടതില്ലെന്ന് ആർബിഐ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ അറിയിച്ചു. വിദേശ നിക്ഷേപകർക്ക്, നിക്ഷേപം

കൂടുതൽ എളുപ്പമാക്കാൻ ലക്ഷ്യമിട്ടുള്ളതാണ് തീരുമാനമെന്ന് ആർ ബി ഐ വ്യക്തമാക്കി.

*********************************

## സ്വാതിതിരുന്നാൾ - സംഗീതോത്സവം

സ്വാതിതിരുനാൾ ജയന്തിയോടനുബന്ധിച്ച് ആകാശവാണി കേരളാ നിലയങ്ങൾ സംയുക്തമായി സംഘടിപ്പിക്കുന്ന സ്വാതിതിരുന്നാൾ സംഗീതോത്സവം തിരുവനന്തപുരം കോട്ടയ്ക്കകം ലെവി ഹാളിൽ മറ്റെന്നാൾ നടക്കും. പത്മശ്രീ ഡോ. കെ. ഓമനക്കുട്ടി, പ്രൊഫസർ കുമാര കേരള വർമ്മ, പ്രൊഫസർ പാൽക്കുളങ്ങര അംബിക ദേവി എന്നീ മുതിർന്ന സംഗീതജ്ഞരെ പരിപാടിയിൽ ആദരിക്കും. രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 12.30 വരെ ആകാശവാണി കേരളാ നിലയങ്ങൾ സംഗീതാർച്ചന തത്സമയം പ്രക്ഷേപണം ചെയ്യും.

RNU TVPM

*********************************

## അന്തരിച്ചു

ആകാശവാണി മുൻ ടോപ്പ് ഗ്രേഡ് വീണാ ആർട്ടിസ്റ്റ് ഗോമതി ചിദംബരം അന്തരിച്ചു. 84 വയസ്സായിരുന്നു. സംസ്കാരം ഇന്ന് വൈകിട്ട് നാല് മണിക്ക് കരമന ഗ്രാമസമുദായം രുദ്രഭൂമി ശ്മശാനത്തിൽ നടക്കും.

*********************************

## വനിതാ ഏകദിന ക്രിക്കറ്റ്

ത്രിരാഷ്ട്ര വനിതാ ഏകദിന ക്രിക്കറ്റ് ടൂർണമെന്റ് ഫൈനലിൽ ഇന്ത്യ- ശ്രീലങ്കയെ നേരിടും. ഞായറാഴ്ചയാണ് ഫൈനൽ.

*******************************

## ഖേലോ ഇന്ത്യ

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ 21 സ്വർണ്ണവും 18 വെള്ളിയും ഉൾപ്പെടെ 55 മെഡലുകളുമായി മഹാരാഷ്ട്ര മെഡൽ പട്ടികയിൽ ഒന്നാം സ്ഥാനത്ത് തുടരുന്നു. 11 സ്വർണ്ണവുമായി രാജസ്ഥാൻ രണ്ടാം സ്ഥാനത്തും 10 സ്വർണ്ണവുമായി കർണാടക മൂന്നാം സ്ഥാനത്തുമാണ്. കബഡി ഫൈനലിൽ ഹരിയാന വനിത - പുരുഷ ടീമുകൾ സ്വർണം നേടി.

RNU TVPM

*******************************

## ചെസ്

റോമാനിയയിലെ ബുക്കൂറെസ്റ്റിൽ നടക്കുന്ന സൂപ്പർബെറ്റ് ക്ലാസിക് ചെസ് മത്സരങ്ങളുടെ രണ്ടാം റൗണ്ടിൽ ഇന്ത്യൻ ഗ്രാന്റ് മാസ്റ്റർ ഡി ഗുകേഷും ആർ പ്രഗ്നാനന്ദയും സമനിലയിൽ. ഉസ്ബെക്കിസ്ഥാൻ താരത്തോടുള്ള മത്സരത്തിലാണ് ഗുകേഷ് സമനിലയിലെത്തിയത്. പ്രഗ്നാനന്ദ അമേരിക്കൻ താരത്തോടാണ് മത്സരിച്ചത്. രണ്ട് റൗണ്ടുകൾ പിന്നിടുമ്പോൾ ഇരു താരങ്ങളും ഓരോ പോയിന്റ് വീതം നേടി.

*******************************

## ഉപന്യാസ രചനാ മത്സരം

അന്താരാഷ്ട്ര മ്യൂസിയം ദിനത്തോടനുബന്ധിച്ച് കേരള നിയമസഭാ മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ, കോളജ് വിദ്യാർത്ഥികൾക്കായി സംസ്ഥാന തലത്തിൽ ഓൺലൈനായി ഉപന്യാസ രചനാ മത്സരം സംഘടിപ്പിക്കുന്നു.
സ്കൂൾതലത്തിൽ 'മ്യൂസിയങ്ങളുടെ പ്രസക്തി' എന്ന വിഷയത്തിലും കോളജ് തലത്തിൽ 'മ്യൂസിയങ്ങൾ എങ്ങനെയായിരിക്കണം – സന്ദർശകരുടെ കാഴ്ചപ്പാടിൽ' എന്ന വിഷയത്തിലുമാണ് ഉപന്യാസ രചനാ മത്സരം സംഘടിപ്പിക്കുന്നത്. നിബന്ധനകൾ ഉൾപ്പെടെ വിശദമായ വിവരങ്ങൾക്ക് www.niyamasabha.org സന്ദർശിക്കുക.

RNU TVPM

*******************************

## അറസ്റ്റ്

മുഖ്യമന്ത്രി പിണറായി വിജയൻ രാജി വെക്കണമെന്നാവശ്യ പ്പെട്ട് കഴിഞ്ഞ ദിവസം ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ ആഹ്വാനപ്രകാരം കണ്ണൂർ കലക്ട്രേറ്റിലേക്ക് നടത്തിയ മാർച്ചിന്നിടെ പോലീസിനെ കയ്യേറ്റം ചെയ്ത കേസിൽ കെ എസ് യു നേതാവ് ഷിബിൻ

നാറാത്തിനെ ഇൻസ്പക്ടർ ശ്രീജിത്ത് കൊടേരിയും സംഘവും അറസ്റ്റ് ചെയ്തു.

********************************

## മോക് ഡ്രിൽ

കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ നിർദേശപ്രകാരം കേരളത്തിലുടനീളം കഴിഞ്ഞ ദിവസം നടത്തിയ മോക് ഡ്രില്ലിന് പൊലീസ്, അഗ്നിരക്ഷാ, ദുരന്തനിവാരണം തുടങ്ങി വിവിധ വകുപ്പുകളിലെ 6,900 ഉദ്യോഗസ്ഥർ നേതൃത്വം നൽകി. ഇവരെക്കൂടാതെ അഗ്നിരക്ഷാസേനയ്ക്ക് കീഴിലുള്ള 1,882 സിവിൽ ഡിഫൻസ് വോളണ്ടിയർമാരും മോക്ഡ്രില്ലിൽ പങ്കെടുത്തു. സംസ്ഥാനത്തെ 163 കേന്ദ്രങ്ങളിലായിരുന്നു വൈകിട്ട് 4 മുതൽ 4.30 വരെ മോക് ഡ്രിൽ സംഘടിപ്പിച്ചത്. ഇതിൽ കാസർകോഡ് 63 കേന്ദ്രങ്ങളിലും തിരുവനന്തപുരത്ത് 26 കേന്ദ്രങ്ങളിലും പത്തനംതിട്ടയിൽ 16 കേന്ദ്രങ്ങളിലും എറണാകുളത്ത് 12 കേന്ദ്രങ്ങളിലും മോക് ഡ്രിൽ നടന്നു. ജില്ലകളിലെ പ്രവർത്തനങ്ങൾ ജില്ലാ കളക്ടർമാർ ഏകോപിപ്പിച്ചു.

*******************************************************************************

**************************************************

RNU TVPM